

# ശ്രീ കൃഷ്ണനും
# യൂറോപ്പിലെ ഋതുഭേദങ്ങളും

ബേബി കാക്കശ്ശേരി

## ഇല പൊഴിയുന്ന കാലം



വൃക്ഷവൃന്ദങ്ങൾ പല വർണ്ണ  വസ്ത്രങ്ങ -
ളൂരി പരിപൂർണ്ണ നഗ്നരായി
മഞ്ഞിൽ കുളിക്കവേ കാറ്റാകും കാർവർണ്ണൻ
വന്നുടയാട കവർന്നോടുന്നു

## മഞ്ഞു പെയ്യുന്ന കാലം



അംബരത്തമ്പാടി തന്നിൽ വളർത്തുന്ന
ഗോക്കളെയാരോ കറന്നീടുമ്പോൾ
താഴത്തെ മൺകുടംമെല്ലെ കവിയുന്നൂ
പാൽപ്പത മൂടി കുടം മറഞ്ഞു

## വസന്തകാലം



ഗോപികമാരു  കുളിച്ചു തോഴുതപ്പോൾ
ഗോപാലൻ ചേല തിരിച്ചു നൽകി
പൂഞ്ചേല ചുറ്റി കുറി തൊട്ടു പൂ ചൂടി
നിന്നപ്പോൾ കാണുവാനെത്ര ചന്തം !

## വേനൽക്കാലം



ശൈത്യമാം കാളിയ മർദ്ദനാന്തരം
പത്തിയിൽ  കണ്ണൻ ചിരിച്ചു നിൽക്കേ
വൃന്ദാ വനത്തിലെത്തുന്നു തീർഥാടകർ
ലക്ഷോപലക്ഷം തവ സമക്ഷം